# Eparchy of Mississauga Bulletin



December - 2019 Vol. 3, No.12

# EDITORIAL BOARD

## CHIEF EDITOR

**Rev. Fr. John Mylamvelil**

## EDITORS

**Rev. Fr. Martin Augustin SDB**

**Rev. Fr. Jojo Changanamthundathil**




# INDEX

01. Bishop's Engagements
02. Circular on Assembly -English
03. Circular on Assembly-Malayalam
04. Prayer for the Eparchial Assembly
05. Circular on Christmas-English
06. Circular on Christmas-Malayalam
07. Circular on Parish Council Election
08. Curia News
09. Priestly Spirituality-Biblical Reflection
10. News from Departments
11. News from Parishes
12. Bishop's Diary
13. Prayer for the Eparchy

# BISHOP'S ENGAGEMENTS

## DECEMBER 2019

| | |
|---|---|
| 1/12 | AM: Holy Qurbana at Hamilton and Installation of new vicar, Fr.Thomas Venmanthara |
| | PM: Holy Qurbana at Niagara and Installation of new vicar, Fr.Thomas Venmanthara |
| 3/12 | AM: Holy Mass at CMC |
| 7/12 | AM: Anniversary of Pious Association at St. Alphonsa Cathedral |
| 8/12 | PM: Inauguration of St. Mariyam Thressia Syro-Malabar Catholic Mission at Sarnia |
| 10/12 | AM: Monthly Recollecion for Priests and Sisters |
| | PM: College of Consulers' Meeting |
| 15/12 | AM: Holy Qurbana at Chaldean Cathedral, Toronto |
| 21/12 | AM: Catholic School Committee Meeting at St. Alphonsa Cathedral |
| | PM: Holy Qurbana and message for Youth Retreat at Scarborough |
| 22/12 | AM: Holy Qurbana and Christmas Celebration at Sudbury |
| 24/12 | PM: Christmas Holy Qurbana |

### MONTHLY RECOLLECTION FOR PRIESTS AND SISTERS
**SCHEDULE**

Date : December 10, 2019 Tuesday
9.45 am -11.00 am : Discussion of Priests with Bishop
11.00 am -11.30am : Talk by Rev. Pathros Champakkara Peely (VG)
11.30 am -01.00 pm : Adoration and Confession
1.00 pm : Lunch
2.00 pm : Departure

# CONGRATULATIONS & PRAYERFUL WISHES ON YOUR ANNIVERSARY OF PRIESTLY ORDINATION


Bishop Jose Kaluvelil
18.12.1984


Fr. Jose Alencherry
18.12.1984


Fr. Boby Joy Muttathuvalayil
27.12.2010


Fr. Sajy Chakkittamuri
30.12.1995


Fr. Jacob Edakalathur
22.12.1984


Fr. Pathrose Chembakara
28.12.1998


Fr. Sajo Puthussery
30.12.1998


Fr. Jojo Changanamthundathil
26.12.2005


Fr. Toby Pulickassery
28.12.2013


Fr. Plogen Kannampuzha
31.12.2003

# Circular on Epaechial Assembly- 2020

Prot. No. 167/2019

13 November 2019

My beloved Brothers and Sisters in Jesus Christ, I am glad to announce a significant milestone in the history of the Eparchy of Mississauga. After due diligence and prayers, I convened the Presbyterium and Pastoral Council on October 25 and 26, 2019 respectively, at St. Alphonsa Cathedral, Mississauga, which unanimously decided to convoke the first ever Eparchial Assembly on October 16 Friday to 18 Sunday 2020. A Central Committee with Vicar General as the convenor is formed for the further procedures of the Eparchial Assembly.

**A Brief History**

The Syro-Malabar Church is one of the 23 Sui Iuris (Particular Church with its own hierarchy) Oriental Churches in Catholic Communion with its own characteristics of liturgy, spirituality, theology and canonical traditions. The Syro-Malabar Catholics started migrating to Canada in the beginning of 1960's. We gratefully acknowledge all leaders and pioneers who played major roles in our faith journey over the years. His Holiness Pope Francis erected the Syro-Malabar Apostolic Exarchate in Canada on 6 August 2015 and elevated it into the status of Eparchy on 22 December 2018 with the dream of "protecting and promoting the spiritual riches of the Oriental Churches". I gratefully remember you all for your prayers, committed efforts and support for our Eparchy. Now it is our responsibility to be the salt and the yeast in this land and realize the above-mentioned dream of Pope Francis.

**What is Eparchial Assembly?**

Eparchial Assembly is a canonical requirement, convened by the Eparchial Bishop to discuss the important matters concerning the Eparchy, to critically evaluate the previous years and to formulate action plan for the future. It will ensure the vitality and integral growth based on the central theme of the Assembly (cf. CCEO.cc 235-242). The Eparchial Assembly consists of the representatives of clergy, religious and laity from all parishes, missions and ministries of the Eparchy. The laity is a prominent part of the Assembly as they can recognize the needs of the Eparchy from the grassroot level and bring the fruits of the Assembly back to the parishes and to their specific life situations. The Assembly provides

opportunities to learn more about our Church today, exchange information and ideas, pray together in one Spirit and prepare ourselves 'to give God an account of our stewardship' (Cf. Luke 16:2).

**Relevance of Eparchial Assembly**

The Eparchy of Mississauga is in the infancy stage and geographically the largest. Most of our faithful are immigrants trying to establish a better living in this land of opportunities. While learning to work and live in Canada, we try to keep our own language and culture, form community with our identity, and keep our faith and traditions.

On the other side, there are some grim realities. Sometimes we have been confronted by the anxiety of losing our ethnicity and cultural values. We witnessed weeping moments of distorting our families and its admired traditions. The attractions of secularism and worldliness have injured our community to some extent. Sometimes the attempts to adapt and grow in the new context create issues like cultural shock for the first generation and identity crisis for the second generation. The children confront a dichotomy of culture at home and outside. This in-between-culture or no-where-culture, very often, leads to tensions and conflicts which affect the whole dreams of the entire family. Every child is precious not only to his/her parents but to the Church and to the society as well. The proposed Assembly aims also at finding out ways and means to accompany the young generation in their faith journey.

St. Paul reminds, "Think of us this way, as servants of Christ and stewards of God's mysteries. Moreover, it is required of stewards that they be found trustworthy" (1Cor 4:1-2). I am convinced that all of us are God's stewards and co-travellers towards the Kingdom of God through participatory pastoral plan. The Eparchial Assembly will help us to come and sit together and listen to the voice of God about the pastoral needs. This will help us to re-discover and discern the renewed vision and mission of the Eparchy. It will enable us to choose the priorities and to implement them successfully.

**Process of the Assembly**

1. Reception of the Themes of the Assembly

I urge the Rev. Vicars to collect themes from different segments in the parish,

like Family Units, Catechism, Parish Council etc. and the collected themes shall be sent to the Eparchial Office before 31 January 2020.

2. Tabulation of the Themes and preparation of Lineamenta

The Central Committee will prepare the Lineamenta document based on the

themes collected before 31 March 2020.

3. Parish Assembly

Based on the Lineamenta, Parish Assembly can be scheduled in different levels. Eg. Children Assembly, Youth Assembly and Adult Assembly and the report has to be sent to the Eparchial office before June 30, 2020.

4. Instrumentum Laboris

This is the working paper written by the central committee in preparation for the General Assembly. It will be sent to the participants before 30 August 2020.

5. Eparchial Assembly

The Eparchial Assembly will be on October 16 – 18, 2020. The Assembly will discuss the Instrumentum Laboris at length.

6. Post Assembly Exhortation:

The post Assembly Pastoral Exhortation is the final document of the rediscovery and discernment of the general Assembly. It includes proposals, recommendations and Pastoral Priorities for the coming years.

7. Follow up Committee:

Follow up committee supervises the follow up actions and ensures the implementations of the action plans.

**Conclusion:**

Dear Brothers and Sisters, I conclude with a blessed experience sharing. During my first ever Ad Limina Visit on 3 October 2019, after the Holy Qurbana on the tomb of St. Peter we, 48 Syro-Malabar Bishops visited Holy Father Pope Francis. Each Bishop could greet and talk to him in a family spirit. During my turn I shared the pastoral plan of our Eparchial Assembly and presented a small document based on the previous discussions about the Assembly in our Curia meetings. He embraced me and blessed the document with his natural smile. Basically, now we are working on this document.

Dear Friends, I request your earnest prayer support for the success of our Eparchial Assembly. A special prayer is attached here with for your convenience.

Thanking for your earnest response in this regard and invoking God's blessing in each step,

Yours cordially in Christ,

Mar Jose Kalluvelil
Bishop of Mississauga

NB: Please read this circular in all the parishes and missions during all Holy Qurbana on November 17th Sunday, 2019 or the nearest possible day.

സർക്കുലർ: 167/2019

2019 നവംബർ 13

# രൂപത അസംബ്ലി 2020

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

അത്യധികം ആഹ്ളാദത്തോടെയാണ് മിസ്സിസാഗ രൂപതയുടെ ചരിത്രത്തിലെ ഏറ്റവും നിർണായകമായ ഒരു നാഴികകല്ല് നിങ്ങളേവരുമായി പങ്കുവയ്ക്കുന്നത്. നമ്മുടെ പ്രഥമ രൂപത അസംബ്ലി 2020 ഒക്ടോബർ 16 വെള്ളി മുതൽ 18 ഞായർ വരെ നടത്താൻ തീരുമാനിച്ചിരിക്കുന്നു എന്നതാണ് ഈ സന്തോഷവാർത്ത. 2019 ഒക്ടോബർ 25, 26 തീയതികളിൽ മിസ്സിസാഗ സെന്റ് അൽഫോൻസ കത്തീഡ്രലിൽ യഥാക്രമം ചേർന്ന വൈദീക സമ്മേളനവും പാസ്റ്ററൽ കൗൺസിലുമാണ് പ്രാർഥനാനിർഭരമായ അന്തരീക്ഷത്തിൽ ഏകകണ്ഠമായി ഇതുസംബന്ധിച്ച തീരുമാനമെടുത്തത്. രൂപത അസംബ്ലിയുടെ നടത്തിപ്പിനായി വികാരി ജനറാൾ കൺവീനറായുള്ള സംഘാടകസമിതിക്കും രൂപംനൽകി.

## ലഘുചരിത്രം

ആഗോളസഭയുടെ ഭാഗമായ ഇരുപത്തിമൂന്ന് പൗരസ്ത്യസഭകളിൽ തനത് ആരാധാനക്രമവും ആത്മീയ സ്വഭാവവും ദൈവശാസ്ത്രവും കാനോനിക പാരമ്പര്യവുമുള്ള ഒന്നാണ് സിറോമലബാർ സഭ. സിറോമലബാർ സഭാംഗങ്ങളുടെ കാനഡയിലേക്കുള്ള കുടിയേറ്റം ആരംഭിച്ചത് ആയിരത്തിതൊള്ളായിരത്തി അറുപതുകളിലാണ്. അന്നു മുതൽ ഇന്നുവരെ വിശ്വാസവഴിയിൽ നമുക്ക് വഴികാട്ടികളായ പൂർവിക കുടിയേറ്റക്കാരെയും ആത്മീയ-അൽമായ നേതാക്കന്മാരെയുമെല്ലാം നന്ദിപൂർവം ഈയവസരത്തിൽ സ്മരിക്കട്ടെ. 'പൗരസ്ത്യ സഭകളുടെ ആരാധനാക്രമവും പാരമ്പര്യവും സംരക്ഷിക്കുന്നതും പ്രോൽസാഹിപ്പിക്കുന്നതും ലക്ഷ്യമിട്ട്' പരിശുദ്ധ ഫ്രാൻസിസ് പാപ്പ കാനഡയിൽ സിറോ മലബാർ അപ്പസ്തോലിക് എക്സാർക്കേറ്റിന് 2015 ഓഗസ്റ്റ് ആറിന് രൂപംനൽകുകയും 2018 ഡിസംബർ 22 ന് രൂപതാപദവിയിലേക്ക് ഉയർത്തുകയും ചെയ്തു.. ഇതിനായി ആത്മാർഥതമായി പ്രാർഥിക്കുകയും അധ്വാനിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത വിശ്വാസ സമൂഹത്തെ നന്ദിപൂർവം ഓർമിക്കുന്നു. ഫ്രാൻസിസ് പാപ്പയുടെ ഈ സ്വപ്ന സാക്ഷാത്കാരത്തിനായി ഉപ്പും പുളിമാവു മായി നമ്മുക്ക് യത്നിക്കാം.

## എന്താണ് രൂപത അസംബ്ലി?

രൂപതയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനൊപ്പം ഭാവിയിലേക്കുള്ള കർമപദ്ധതിയും രൂപീകരിക്കാൻ രൂപതാദ്ധ്യക്ഷന്റെ

നേതൃത്വത്തിൽ അസംബ്ലി വിളിച്ചുകൂട്ടുക എന്നത് കാനോനിക നിയമപ്രകാരമുള്ള നടപടിക്രമമാണ്.(cf.CCEO.CC.235242) പ്രധാന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി സമഗ്രവും ഊർജസ്വലവുമായ വളർച്ച ഉറപ്പാക്കുകയാണ് രൂപത അസംബ്ലിയുടെ ലക്ഷ്യം. എല്ലാ ഇടവകളിൽനിന്നുമുള്ള വൈദിക, സന്യസ്ത, അൽമായ, സംഘടനാ പ്രതിനിധികളും ഉൾപ്പെടുന്നതാണ് രൂപത അസംബ്ലി. ദൈവജനത്തിന്റെ ആവശ്യങ്ങൾ ഏറ്റവും അടുത്തറിയുന്നവർ എന്ന നിലക്ക് അൽമായരാണ് അസംബ്ലിയിലെ മുഖ്യ ഘടകം. സഭയെക്കുറിച്ച് കൂടുതൽ അറിയുന്നതിനും അറിവുകളും ആശയങ്ങളും പങ്കുവയ്ക്കുന്നതിനും ഒരേ മനസ്സോടെ കൂട്ടായി പ്രാർഥിക്കുന്നതിനും രൂപത അസംബ്ളി സുവർണാവസരമൊരുക്കും. ലൂക്കായുടെ സുവിശേഷം 16:2 ൽ സൂചിപ്പിക്കുംപോലെ 'നിന്റെ കാര്യസ്ഥതയുടെ കണക്കു' ബോധിപ്പിക്കുന്നതിന് നമ്മെ ഒരുക്കാനും ഉപകരിക്കും.

## രൂപത അസംബ്ലിയുടെ പ്രസക്തി

ഭൂമിശാസ്ത്രപരമായി ഏറ്റവും വലിയ രൂപതയാണ് നമ്മുടേത്. നാം വളർച്ചയുടെ ആദ്യ പടവുകളിലാണ്. മെച്ചപ്പെട്ട ജീവിത സാഹചര്യം ലക്ഷ്യമിട്ട് കാനഡയിലേക്ക് കുടിയേറിയവരാണ് നാമെല്ലാവരും. നമ്മുടെ തനതായ ഭാഷയും സംസ്കാരവും കൈവിടാതിരിക്കാനും വിശ്വാസവും പാരമ്പര്യവും സംരക്ഷിക്കാനും നാം ശ്രമിക്കുന്നു.

എന്നാൽ മറുവശത്ത് സങ്കടകരമായ ചില യാഥാർഥ്യങ്ങളുമുണ്ടെന്നു നാം വിസ്മരിക്കരുത്. പരമ്പരാഗതവും സാംസ്കാരികവുമായി നമ്മുടെ മൂല്യങ്ങൾ കൈമോശം വരുന്നുണ്ടോയെന്ന ആശങ്കയാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇതാകട്ടെ വിശ്വാസത്തിലും വിശ്വസ്തതയിലും അടിസ്ഥാനമായുള്ള നമ്മുടെ കുടുംബമൂല്യങ്ങളെപോലും തകർക്കുന്നു. കുടിയേറ്റമണ്ണിലെ സാംസ്കാരിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള ശ്രമങ്ങളാകട്ടെ പലപ്പോഴും നമ്മുടെ മുതിർന്ന തലമുറക്കാരിൽ സാംസ്കാരിക ആഘാതമേൽപ്പിക്കുമ്പോൾ പുതുതലമുറയ്ക്കാകട്ടെ അത് വ്യക്തിത്വം നഷ്ടപ്പെടലായി മാറുന്നു. കുട്ടികളെ സംബന്ധിച്ചിടത്തോളം, ഇത് വീടിനുള്ളിലും പുറത്തും സാംസ്കാരികവും ആശയപരവുമായ സംഘർഷത്തിനും കാരണമാകുന്നു. ഇത്തരത്തിൽ രണ്ട് സംസ്കാരങ്ങളുടെയും ഇടയിലോ, ഒരിടത്തുമോ ഇല്ലാതെയുള്ള സാഹചര്യം (in-between or no-where-culture) കുടുംബങ്ങളുടെ പ്രതീക്ഷകളെയും സ്വപ്നങ്ങളെയും തകർക്കുന്നതരത്തിലുള്ള മാനസികപിരിമുറുക്കത്തിനും ആശയസംഘർത്തിനും വഴിയൊരുക്കുന്നു.

പൗലോസ്ശ്ലീഹ ഓർമ്മിപ്പിക്കുന്നതുപോലെ "ക്രിസ്തുവിന്റെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായിട്ടാണ് ഞങ്ങളെ പരിഗണിക്കേണ്ടത്. കാര്യസ്ഥന്മാർക്കു വിശ്വസ്തത കൂടിയേ തീരൂ". (1Cor, 4:1-2) ദൈവരാജ്യത്തിലേക്കുള്ള മുന്നേറ്റത്തിൽ പങ്കാളികളാകുന്നതിലൂടെ നാമെല്ലാവരും ദൈവത്തിന്റെ കാര്യസ്ഥന്മാരും സഹയാത്രികരുമായി മാറുകയാണ് എന്ന് എനിക്ക് ഉത്തമ ബോധ്യമുണ്ട്. അജപാലന ദൗത്യത്തിൽ നമ്മുടെ പങ്കാളിത്തം സംബന്ധിച്ച ദൈവീകമായ വാക്കുകൾക്കു കാതോർക്കുന്നതിനും ഒന്നിച്ചുകൂടിയും ഒന്നിച്ചിരുന്നും

അവയ്ക്ക് രൂപംനൽകുന്നതിനും രൂപത അസംബ്ലി ഉപകാരപ്രദമാകും. രൂപതയുടെ ദർശനവും ദൗത്യവും കൂടുതൽ വ്യക്തമാക്കുന്നതിനും അസംബ്ലി അവസരമൊരുക്കും. അജപാലനദൗത്യത്തിൽ മുൻഗണനാപ്രകാരം നടപ്പാക്കേണ്ടവ, വിജയകരമായി ആവിഷ്കരിക്കുന്നതിനും ഇതു കരുത്തുപകരും.

**രൂപത അസംബ്ലി നടപടിക്രമങ്ങൾ:**

1. വിഷയ സമാഹരണം:

ഇടവകയിലെ/മിഷനിലെ കുടുംബയൂണിറ്റ്, മതബോധനം, പാരിഷ് കൗൺസിൽ തലങ്ങളിൽനിന്ന് രൂപത അസംബ്ലിയിൽ ചർച്ച ചെയ്യപ്പെടേണ്ടതെന്നു കരുതുന്ന വിഷയങ്ങൾ ശേഖരിച്ച് 2020 ജനുവരി 31 ന് മുമ്പ് രൂപത ഓഫിസിൽ എത്തിക്കണമെന്ന് ബഹുമാനപ്പെട്ട വികാരിമാരോട് അഭ്യർഥിക്കുന്നു.

2. **മാർഗരേഖ** *(Lineamenta)* **തയ്യാറാക്കൽ:**

വിവിധതലങ്ങളിൽനിന്ന് ഇത്തരത്തിൽ ശേഖരിക്കുന്ന ചിന്താവിഷയങ്ങൾ വിശകലനം ചെയ്ത് രൂപത അസംബ്ലി ചർച്ച ചെയ്യേണ്ടവ സംബന്ധിച്ച മാർഗരേഖ 2020 മാർച്ച് 31 ന് മുന്പ് രൂപതസമിതി തയാറാക്കും.

3. **ഇടവക അസംബ്ലി**

ഇത്തരത്തിൽ തയാറാക്കുന്ന മാർഗരേഖയുടെ *(Lineamenta)* അടിസ്ഥാനത്തിൽ ഓരോ ഇടവകകളിലും കുട്ടികളുടെയും, യുവജനങ്ങളുടെയും, മുതിർന്നവരുടെയും അസംബ്ളികൾ സംഘടിപ്പിച്ച്, റിപ്പോർട്ടുകൾ 2020 ജൂൺ 30 ന് മുന്പ് രൂപത ഓഫിസിൽ എത്തിക്കണം

4. പ്രവർത്തനമാർഗരേഖ ***(Instrumentum Laboris)***

എല്ലാതലങ്ങളിൽനിന്നുമുള്ള ആശയങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ച് രൂപത അസംബ്ലിയിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ സംബന്ധിച്ച് പ്രവർത്തനമാർഗരേഖ 2020 ഓഗസ്റ്റ് 30 ന് മുമ്പ് അസംബ്ലിയിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ലഭ്യമാക്കും.

1. **രൂപത അസംബ്ലി**

2020 ഒക്ടോബർ 16 മുതൽ 18 വരെ മിസ്സിസാഗ സെന്റ് അൽഫോൻസ കത്തീഡ്രലിൽവച്ച് നടക്കുന്ന രൂപതാസംബ്ലിയിൽ പ്രവർത്തനമാർഗരേഖയിൽ പരാമർശിക്കുന്ന വിഷയങ്ങൾ ആഴത്തിൽ ചർച്ച ചെയ്യും.

2. **കർമപദ്ധതി** *(Post Assembly Exhortation)*

വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ വരുംകാലങ്ങളിൽ നടപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച നിർദേശങ്ങളും ശുപാർശകളും അജപാലനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുൻഗണനാക്രമങ്ങളുമെല്ലാം അടങ്ങുന്ന അസംബ്ലി കർമപദ്ധതി തയ്യാറാക്കും

3. തുടർ നടപടി സമിതി ***(Follow-up Committee)***

അസംബ്ലി രേഖയിൽ നിർദേശിക്കുന്ന കർമപദ്ധതികൾ തുടർനടപടി സമിതിയുടെ മേൽനോട്ടത്തിലാകും നടപ്പാക്കുക.

ഉപസംഹാരം

പ്രിയ സഹോദരരേ, ആദ് ലിമിന (Ad Limina) സന്ദർശനത്തോടനുബന്ധിച്ച് 2019 ഒക്ടോബർ മൂന്നാം തീയതി സീറോ മലബാർ സഭയിലെ 48 അഭിവന്ദ്യ പിതാക്കന്മാ

രോടൊപ്പം വത്തിക്കാനിലെ വി.പത്രോസിന്റെ കബറിടത്തിൽ വി.കുർബാന അർപ്പിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. തുടർന്ന് പരിശുദ്ധ പിതാവുമായുള്ള കൂടിക്കാഴ്ചയിൽ നമ്മുടെ രൂപത അസംബ്ലിയെ സംബന്ധിച്ച മുൻചർച്ചകളുടെ വെളിച്ചത്തിലുള്ള ലഘുലേഖ സമർപ്പിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയാണ് നമ്മുടെ ചർച്ചാവിഷയം.

രൂപതയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ മുഖ്യ നാഴികക്കല്ലാകുന്ന ഈ അസംബ്ലിയുടെ വിജയത്തിനായി നിങ്ങൾ ഏവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. ഇതിനായുള്ള പ്രത്യേക പ്രാർത്ഥനയും ഇതോടൊപ്പം അയക്കുന്നു. ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊ ്,

ക്രിസ്തുവിൽ സ്നേഹപൂർവ്വം,

മാർ ജോസ് കല്ലുവേലിൽ
മിസ്സിസ്സാഗ രൂപതാ മെത്രാൻ

*NB: ഈ ബുള്ളറ്റിൻ മിസ്സിസ്സാഗ രൂപതയുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും 2019 നവംബർ 17 ഞായറാഴ്ച വി.കുർബാന മദ്ധ്യേ വായിക്കേ താണ്.*



EPARCHY OF MISSISSAUGA
For the Glory of God

## Pastoral Letter

# *Christmas 2019*

November 28, 2019

Prot.No.176/2019

Dear friends in Jesus Christ,

"Look, the young woman is with child and shall bear a son, and shall name him Immanuel" (Is. 7:14). Birth of our Lord Jesus is close at hand. The Christmas joy is near to us! As we are at threshold of this joyful season I extent my warm greetings of peace, joy and love to each of you and to your families! The Catechism of the Catholic Church teaches us about the incarnation of Christ. "The Incarnation is therefore the mystery of the wonderful union of the divine and human natures in the one person of the Word"(CCC 483). St. John the Apostle reveals the true meaning of the incarnation: "And the Word became flesh and lived among us"(Jn.1:14a). St. Paul further extends the significance of the incarnation and allows us to gain a deeper understanding. "Emptied Himself, taking the form of a slave being born in human likeness"(Phil. 2:7).

The incarnated Christ is the gift of God the Father to each one of us. In the same way, we ought to live as a gift back to God and for others. Pope Benedict XVI taught us "I cannot possess Christ just for myself; I can belong to him only in union with all those who have become, or who will become, his own. Communion draws me out of myself towards him, and thus also towards unity with all Christians". (God is Love, No. 14). Mother Mary who proclaimed, "Here am I, the servant of the Lord" (Lk. 1:38a) surrendered fully to God's will and thereby become an example of genuine communion. She is an exemplary model for participation in the salvation history. Likewise, we are all invited to commit ourselves to the will of God and to participate in the incarnation of our Lord Jesus Christ. As Mary shared the joy of her "Amen" (Fiat) with Elizabeth, we are called to spread the joy of Gospel with all possible missionary endeavors. Therefore dear friends, may the celebration of Christmas not to be confined to a material realm, but it must challenge us all to be missionaries of Jesus born in Bethlehem for the salvation of whole mankind.

As migrants to Canada, we form a mission community of faith. The faith and tradition, which has been passed on to us through many generations, must be lived and proclaimed. The Major Archbishop Cardinal Mar George Alencherry instructs us through his pastoral exhortation “Forward as One" (Onnayi Munnottu) No.12. “The role of the Church in this world is to witness Christ among the people of different faith and caliber. This role is also specifically relevant to the Syro-Malabar Church. Therefore, the members of the Church who resides in other countries are called to exemplify the teachings and traditions of the Church and to abide by the values that give way for being witness to Christ”. Migrants should view themselves as missionaries. Wherever you travel, you should become witnesses to the Gospel of Christ. As members of this new missionary Eparchy, we are called to participate in the eparchial activities with the same zeal and the spirit that Mother Mary had when she proclaimed her 'Amen'.

At this moment, I would like to bring to your attention our upcoming Eparchial Assembly which is an excellent occasion to evaluate the past missions of the Eparchy and to give focus to future priorities. May this Christmas inspire us to creatively participate in various phases of the Assembly and bring forth the desired result. I pray that the Incarnated Christ bring each one of us closer to one another through the bond of our faith. I wish you a fruitful Advent and the peace and joy Christmas!

Yours in Christ,

+ Mar Jose Kalluvelil
Bishop of Mississauga

NB: Please read this circular in all the parishes and missions during all Holy Qurbana on December 1st Sunday, 2019 or the nearest possible day.

# ഇടയലേഖനം

## ക്രിസ്തുമസ് 2019

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

"യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും" (ഏശയ്യാ 7/14) എന്ന പ്രവചനത്തിന്റെ പൂർത്തീകരണമായി ദൈവം നമ്മോടുകൂടെയായതിന്റെ അനുസ്മരണമായ ക്രിസ്തുമസിന്റെ സമാധാനവും സന്തോഷവും സ്നേഹപൂർവ്വം ആശംസിക്കുന്നു. ഈശോയുടെ മനുഷ്യാവതാരത്തെ കുറിച്ച് സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു. "വചനമാകുന്ന ഏകവ്യക്തിയിൽ ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും തമ്മിൽ നടന്ന അത്ഭുതകരമായ സംയോജനത്തിന്റെ രഹസ്യമാണ് മനുഷ്യാവതാരം" (CCC 483). "ദൈവനിശ്ചിതമായ സമയത്തിൽ പിതാവിന്റെ ഏകപുത്രനായ നിത്യവചനവും അവിടുത്തെ സത്തയുടെ പ്രതിഛായയുമായവൻ മനുഷ്യനായി അവതരിച്ചു" (CCC 479). വി. യോഹന്നാൻശ്ലീഹാ ഇതിനെ സംഗ്രഹിച്ച് ഒറ്റവാചകത്തിലെഴുതി "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു"(യോഹ. 1/14a). വിശുദ്ധ പൗലോസ്ശ്ലീഹാ കുറേക്കൂടി വിശദീകരിച്ച് നമുക്ക് പറഞ്ഞുതന്നു. "അവൻ തന്നെത്തന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു" (ഫിലി. 2/7).

മനുഷ്യാവതാരം ചെയ്ത മിശിഹാ പിതാവായ ദൈവത്തിന്റെ ദാനമായിരിക്കുന്നതുപോലെ നാമോരോരുത്തരും പരസ്പരം ദാനമാകേണ്ടവരാണ്. ബനഡിക്റ്റ് പതിനാറാമൻ പാപ്പാ ഇപ്രകാരം പഠിപ്പിച്ചു; "എനിക്കുവേണ്ടി മാത്രം എനിക്ക് ക്രിസ്തുവിനെ സ്വന്തമാക്കാനാവില്ല. അവിടുത്തെ സ്വന്തമായി തീർന്നവരും സ്വന്തമായി തീരേണ്ടവരുമായ സകലരോടുമുള്ള ഐകത്തിലൂടെ മാത്രമേ എനിക്ക് അവിടുത്തേതായിതീരാൻ കഴിയൂ" (ദൈവം സ്നേഹമാകുന്നു നം. 14), "ഇതാ കർത്താവിന്റെ ദാസി"(ലൂക്കാ. 1/38a) എന്ന് ഏറ്റുപറഞ്ഞ് ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിച്ച പരിശുദ്ധ അമ്മയാണ് ഇതിനു നമ്മുടെ മാതൃക; രക്ഷാകര ചരിത്രത്തിൽ മനുഷ്യ പങ്കാളിത്വത്തിന്റെ മഹനീയ മാതൃക. ദൈവഹിതത്തോടുള്ള പരിശുദ്ധ അമ്മയുടെ "ആമ്മേൻ"(fiat) പുതിയൊരു ചരിത്രതുടക്കമായി. ഒപ്പം നമുക്കേവർക്കും ഈശോയുടെ മനുഷ്യവതാരത്തിന്റെ കണ്ണികളാകാനുള്ള ഒരു സുന്ദരക്ഷണവും. തിരുക്കുമാരനെ ഉദരത്തിൽ സ്വീകരിച്ചപ്പോൾതന്നെ തന്റെ ഇളയമ്മയായ എലിസബത്തിന് ആവശ്യമായ ശുശ്രൂഷകൾ ചെയ്യുവാൻ തിടുക്കത്തിൽ അവളുടെ അടുത്തേയ്ക്കു പോയ മറിയത്തെപോലെ നമുക്കും നാം സ്വന്തമാക്കിയ മിശി

ഹാനുഭവം പകർന്നുകൊടുക്കുവാൻ കഴിയണം. ഈ ക്രിസ്തുമസ് ആഘോഷം ഭൗതീകമായ കാര്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ മിശിഹാനുഭവത്തിന്റെ പങ്കുവയ്ക്കലിനും ഇടയാകട്ടെ.

കാനഡയിലെ കുടിയേറ്റക്കാരായ നാം ഒരു മിഷൻ സമൂഹമാണ്. പരമ്പരാഗതമായി നമുക്ക് കൈമാറി ലഭിച്ച വിശ്വാസവെളിച്ചം കൈമോശം വരാതെ ഈ മണ്ണിൽ ജീവിക്കുവാനും പകർന്നു കൊടുക്കുവാനും നമുക്കു കഴിയണം. "ഒന്നായ് മുന്നോട്ട്" എന്ന അജപാലന പ്രബോധനത്തിൽ നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു. "ലോകമെമ്പാടും ഉള്ള ജനപഥങ്ങൾക്കിടയിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയാണ് സഭയുടെ ദൗത്യം. ഇതേ ദൗത്യം ഒരു വ്യക്തിസഭയെന്ന നിലയിൽ സിറോമലബാർ സഭയ്ക്കുമുണ്ട്. അതിനാൽ ഈ സഭയുടെ പ്രവാസി സമൂഹങ്ങൾ അവരവരുടെ രാജ്യങ്ങളിൽ നമ്മുടെ സഭയുടെ പാരമ്പര്യങ്ങൾക്കും പൈതൃകങ്ങൾക്കും യോജിച്ച രീതിയിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. പ്രവാസികൾ തങ്ങളെതന്നെ പ്രേഷിതരായി കാണണം. നാമെവിടെ ചെന്നാലും ക്രിസ്തുവിന്റെ സുവിശേഷത്തിന് സാക്ഷികളാകേണ്ടവരാണ്. പ്രവാസിനാടുകളിലെ സാഹചര്യങ്ങൾക്കനുസരിച്ച് ഇതര സമൂഹങ്ങളുമായി ക്രൈസ്തവ വിശ്വാസവും ധാർമ്മിക ജീവിതശൈലിയും കൈമാറുവാൻ സഭാമക്കൾക്ക് സാധിക്കണം"(നം. 12).

സീറോ മലബാർ സഭയുടെ മിസ്സിസ്സാഗാ രൂപതയിലെ അംഗങ്ങളായി നാമിവിടെ ആയിരിക്കുമ്പോൾ ഈ ദൗത്യനിർവ്വഹണത്തിന് പരിശുദ്ധ അമ്മയെപ്പോലെ തീക്ഷ്ണതയിലും തിടുക്കത്തിലും രൂപതാപ്രവർത്തനങ്ങളിൽ നമുക്ക് പങ്കുചേരാം. രൂപതയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുവാനും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുവാനുമായി നടത്തപ്പെടുന്ന രൂപതാ അസംബ്ലിയിലേയ്ക്ക് ക്രിയാത്മക സഹകരണം നല്കുവാൻ ഈ ക്രിസ്തുമസ് നമ്മെ പ്രേരിപ്പിക്കട്ടെ. അവതരിച്ച മിശിഹാ നമ്മെ ഓരോരുത്തരേയും തന്നിലേയ്ക്ക് അടുപ്പിക്കട്ടെയെന്ന് ആശംസിക്കുന്നു. ഇ ആഗമനകാലം ആവതീർണ്ണനായ ഈശോയുടെ സ്നേഹാനുഭവത്തിൽ വളരാനും ആ അനുഭവം പങ്കുവെക്കാനും നമെമ സഹായികട്ടെക്രിസ്തുമസിന്റെ ശാന്തിയും സമാധാനവും പുതുവർഷത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ഏവർക്കും നേർന്നുകൊള്ളുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോസ് കല്ലുവേലിൽ
മിസിസ്സാഗാ രൂപതാ മെത്രാൻ

NB: Please read this circular in all the parishes and missions during all Holy Qurbana on December 1st Sunday, 2019 or the nearest possible day. ***(Malayalam )***

EPARCHY OF MISSISSAUGA
For the Glory of God

# Circular

No.177/2019 November 28, 2019

## Pratinidhiyogam (Parish Council) 2020-2022

Dear Brothers and Sisters in Jesus Christ,

Prayerful greetings and warm wishes from the Syro-Malabar Catholic Eparchy of Mississauga! “Thanks be to God for his ineffable gift” (2 Cor. 9:15). Let us thank Almighty God for his ineffable gift of the Eparchy of Mississauga. I thank each and every one of you for your committed efforts and generous support to build up this new Eparchy from scratch. Since the inception of our Exarchate and later Eparchy, the primary focus was on the formation of Christ-centred parish/mission communities by reaching out our scattered faithful across Canada through a participatory pastoral plan. Together with the formation, each parish and mission constituted their Parish Council and Kaikkarans at different times. By the grace of God and the hard work of our priests and faithful, they are slowly attaining organic growth. I believe it is time to establish uniformity in the administrative systems- Parish Council and Kaikkarans- in all parishes and missions.

To strengthen the Eparchy, we are planning to convoke the first Eparchial Assembly on October 16-18, 2020. Before the Assembly, we must constitute the Parish Council and elect Kaikkarans in each parish and mission. The tenure of the existing Parish Council and Kaikkarans will end on April 30, 2020. Therefore, they are requested to submit the Annual Account of 2019 to the Eparchial Office. After due diligence and consultations in different sections of the Eparchy, we have decided to conduct the family unit elections between January and April and to constitute the new Parish Council and elect Kaikkarans before April 30, 2020.

I cordially invite all of you to work hand in hand to strengthen our Eparchy and to build up the church, the mystical body of Christ. I invoke God’s blessings on all of you and wish you a graceful Advent and the peace and joy of Christmas!

**Yours fraternally in Christ,**

**Mar Jose Kalluvelil**

**Bishop of Mississauga**

EPARCHY OF MISSISSAUGA
For the Glory of God

# ഇടയലേഖനം

## പാരീഷ് കൗൺസിൽ -2020

**No.177/2019** **November 28, 2019**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരേ,

കാനഡയിലെ വിവിധ ഭാഗങ്ങളിലായി അധിവസിക്കുന്ന സീറോ മലബാർ സഭാംഗങ്ങൾക്കായി സ്ഥാപിതമായ മിസ്സിസ്സാഗാ രൂപത വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ ഇതിന്റെ വളർച്ചയ്ക്കുവേണ്ടി അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്ന ഏവരേയും നന്ദിയോടെ ഓർക്കുന്നു. ക്രിസ്തു കേന്ദ്രീകൃത ഇടവക സമൂഹത്തെ രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യമാണ് എക്സാർക്കേറ്റ് ആയിരുന്നപ്പോഴും തുടർന്ന് രൂപതയായി തീർന്നപ്പോഴും നമ്മൾ ഊന്നൽ കൊടുത്തത്. ഇതിനുവേണ്ടി സ്ഥിരോത്സാഹത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ വൈദികരേയും സിസ്റ്റേഴ്സിനേയും അത്മായ പ്രേഷിതരേയും നന്ദിയോടെ സ്മരിക്കുന്നു.

നമ്മുടെ രൂപതയിലെ ഇടവകകളും മിഷനുകളും വിവിധ കാലഘട്ടങ്ങളിൽ ആരംഭിച്ചിട്ടുള്ളതാണല്ലോ. അതിനാൽ ഇടവകയുടെ/ മിഷനുകളുടെ ഭരണനിർവ്വഹണ സഹായ സംവിധാനങ്ങളായ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും തിരഞ്ഞെടുപ്പ് ഓരോ ഇടവക/മിഷന്റെ സൗകര്യാർത്ഥം ആയിരുന്നു നടത്തിയിരുന്നത്. എന്നാൽ രൂപത മുഴുവനും ഒരേ പോലെ ഈ തിരഞ്ഞെടുപ്പ് നടത്തുന്നത് ഉചിതമാവുമെന്ന് കരുതുന്നു. അതുവഴി രൂപതയുടെ എല്ലാ ഇടവകകളിലും, മിഷനുകളിലും ഒരേപോലെ സംവിധാനങ്ങൾ രൂപപ്പെടുത്താൻ നമുക്കു സാധ്യമാകും.

രൂപതയിലെ വിവിധ തലങ്ങളിൽ ചർച്ചചെയ്തതിന്റെ വെളിച്ചത്തിൽ നിലവിലുള്ള കൈക്കാരന്മാരുടെയും പാരീഷ്കൗൺസിൽ അംഗങ്ങളുടെയും കാലാവധി 2020 ഏപ്രിൽ 30 ന് അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിനുമുമ്പ് 2019ലെ ആണ്ടുതിരട്ട് പാസാക്കി രൂപതാകച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. 2020 ഏപ്രിൽ 30-നകം ചുമതല ഏറ്റെടുക്കത്തവിധത്തിൽ നമ്മുടെ ഇടവക/മിഷനുകളിൽ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിലംഗങ്ങളുടെയും തിരഞ്ഞെടുപ്പുനടത്തി രൂപതാ കച്ചേരിൽ നിന്ന് അംഗീകാരം നേടേണ്ടതാണ്.

ദൈവം നമ്മെ ഏൽപിച്ചിരിക്കുന്ന ഈ രൂപതയാകുന്ന വലിയ ദാനത്തെ മുഴുഹൃദയത്തോടെ സ്വീകരിക്കുകയും കൂട്ടായ പ്രവർത്തനത്തിലൂടെ അതിന്റെ ഓരോ പ്രവർത്തനങ്ങളേയും നമുക്കു ശക്തിപ്പെടുത്തുകയും ചെയ്യാം. അങ്ങനെ ക്രിസ്തുവിന്റെ മൗതീക ശരീരമാകുന്ന സഭാഗാത്രത്തെ നമുക്ക് പണിതുയർത്താം. ആഗതമാകുന്ന ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

മാർ ജോസ് കല്ലുവേലിൽ
മിസിസ്സാഗാ രൂപതാ മെത്രാൻ

# CURIA NEWS

## New Appointments

1. Fr.John Mylamvelil is appointed as the Pastor of Christ the King Syro-Malabar Catholic Mission, Lunenberg with effect from November 24, 2019. (Prot. No.175)
2. Fr.Jojo Changanamthundathil is appointed as the Chaplain of Holy Family Convent,Milton with effect from November 27, 2019. (Prot. No.172)
3. Fr. Thomas Venmanthara is appointed as the Pastor of St. Joseph Syro-Malabar Catholic Church Hamilton with effect from December 1, 2019. (Prot. No.169)
4. Fr. Thomas Venmanthara is appointed as the Pastor of St. Mother Teresa Syro-Malabar Catholic Church Niagara with effect from December 1, 2019. (Prot. No.170)
5. Fr. Thomas Venmanthara is appointed as the Chaplain of CMC Convent, Mississauga with effect from November 27, 2019. (Prot. No.173)

## Christ the King Mission, Lunenberg

A new Mission in the Eparchy of Mississauga was established (Prot. No. 174 /2019) by Mar Jose Kalluvelil, Bishop of Mississauga, on November 24, 2019, the feast day of Christ the King and appointed Very Rev. Fr. John Mylamvelil as its Pastor (Prot. No. 175 /2019). This Mission is erected for the Syro-Malabar faithful residing in Lunenberg, Bridgewater and Chester.

The new Mission was inaugurated with the solemn Holy Qurbana by Fr. John Mylamvelil at St. Norbert Catholic Church, Lunenberg in the presence of 55 people, by reading out the “Decree of Erection” of the Mission and lightning of the Lamp.

November 24, 2019

# DECREE OF ERECTION
# CHRIST THE KING SYRO-MALABAR CATHOLIC MISSION, LUNENBERG

Prot. No.174/2019

Apostolic blessings to Very Rev. Fr. John Mylamvelil, the Pastor and beloved Parishioners!

"Desiring to protect and promote the spiritual riches of the Oriental Churches" … and "more particularly to take solicitous care of the faithful of the Syro-Malabar Church residing in Canada" the Holy Father Pope Francis established the Eparchy of Mississauga.

So, in accordance with the norms prescribed by Canon 280 §2 of the Code of Canons of the Oriental Churches, I hereby establish a new Mission for the Syro-Malabar faithful residing in Lunenberg, Bridgewater and Chester and appoint Very Rev. Fr. John Mylamvelil as Pastor, with effect from November 24, 2019, the feast day of Christ the King.

Considering it as a divine providence to start the new Mission when the universal Church celebrates the feast of Christ the King, I am happy to name the new Mission, CHRIST THE KING SYRO-MALABAR CATHOLIC MISSION, LUNENBERG.

May this community of Christian Faithful grow in missionary zeal and Christian virtues with the blessing of Christ the King! God bless you all!

Given in Mississauga on November 24, 2019

Fr. John Mylamvelil
Chancellor

+ Bishop Jose Kalluvelil
Bishop of Mississauga

മല്പാൻ മാത്യു വെള്ളാനിക്കൽ

# പുരോഹിതൻ: ധാർമ്മികശക്തിയോടെ ശുശ്രൂഷ നിർവഹിക്കുന്നവൻ

(തിരുവചനഭാഗം: ശ്ലീഹ 23,1-35)

യഹൂദജനക്കൂട്ടം പൗലോസിനെതിരെ തിരിഞ്ഞ സാഹചര്യത്തിൽ, കാരണം കണ്ടുപിടിക്കാൻ സഹസ്രാധിപൻ സാൻഹെദ്രീൻ സംഘത്തെ വിളിച്ചുകൂട്ടുന്നു. പൗലോസിൽ യാതൊരു കുറ്റവുമില്ലെന്ന് യഹൂദ കോടതി പ്രഖ്യാപിക്കുന്നു. ഉത്ഥിതനായ മിശിഹാ പ്രത്യക്ഷപ്പെട്ട് പൗലോസിനെ പ്രോത്സാഹിപ്പിക്കുന്നു. അതെത്തുടർന്ന് പൗലോസിനെ വധിക്കാൻ യഹൂദഗൂഢാലോചന നടക്കുന്നു. അതിനെ തകർത്ത് പൗലോസിനെ കേസറിയായിലെത്തിക്കുന്നു. ഈ വചനഭാഗത്തെ ഇപ്രകാരം വിഭജിക്കാം:

1. പൗലോസിനെ ആലോചനാസംഘത്തിന്റെ മുമ്പിൽ നിർത്തുന്നു (23,1-5)
2. ആലോചനാസംഘത്തിൽ അഭിപ്രായ ഭിന്നത (23,6-11)
3. യഹൂദഗൂഢാലോചനയും സഹസ്രാധിപന്റെ തീരുമാനവും (23,12-22)
4. ഫെലിക്സിന്റെ അടുത്തേക്ക് പൗലോസ് അയയ്ക്കപ്പെടുന്നു (23,23-30)
5. പൗലോസ് ദേശാധിപതിയുടെ കസ്റ്റഡിയിൽ (23,31-35)

പൗലോസ് അഭിമുഖീകരിക്കുന്ന വിചാരണകളിൽ ആദ്യത്തേതാണ് ഈ വിവരണം. പൗരോഹിത്യ ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കുവാനുതകുന്ന ചില ചിന്തകൾ ഈ വചനഭാഗത്തുനിന്നും കണ്ടെത്തുവാൻ ശ്രമിക്കാം.

### 1. പുരോഹിതൻ: നല്ല മനഃസാക്ഷിയോടെ ശുശ്രൂഷ ചെയ്യുന്നവൻ

*"പൗലോസ് സംഘത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: സഹോദരന്മാരേ, ഇന്നേവരെ ദൈവത്തിന്റെ മുമ്പിൽ നല്ല മനഃസാക്ഷിയോടെയാണു ഞാൻ ജീവിച്ചത്"* (23,1).

പൗലോസ് ആലോചനാസംഘത്തിന്റെ മുമ്പിൽ ആദ്യമായി തന്റെ ജീവിതത്തെക്കുറിച്ച് ഒരു പ്രസ്താവന നടത്തുന്നു: "സഹോദരന്മാരേ, ഇന്നേവരെ ദൈവത്തിന്റെ മുമ്പിൽ നല്ല മനഃസാക്ഷിയോടെയാണു ഞാൻ ജീവിച്ചത്" (23,1). അന്നുവരെ ഒരു യഹൂദനായും ക്രൈസ്തവനായും ദൈവതിരുമുമ്പിൽ മനഃസാക്ഷിയനുസരിച്ചാണ് താൻ ജീവിച്ചതെന്ന് പൗലോസ് അവകാശപ്പെടുന്നു. യഹൂദനെന്ന നിലയിൽ പൗലോസ് ക്രൈസ്തവരെ പീഡിപ്പിച്ചതും, പിന്നീട് മാനസാന്തരത്തിനുശേഷം ക്രൈസ്തവനായിത്തീർന്നതും ദൈവത്തിന്റെ മുമ്പിൽ നല്ല മനഃസാക്ഷിയോടുകൂടെയാണെന്ന് പൗലോസ് പറയുന്നു. യഹൂദമതം ഉപേക്ഷിച്ച് ക്രൈസ്തവമതപ്രവർത്തകനായിത്തീർന്ന പൗലോസ് യാതൊരു തെറ്റും ചെയ്തിട്ടില്ലെന്നും, തന്റെ മനഃസാക്ഷിയിൽ ശുദ്ധനാണെന്നും പറഞ്ഞത് മഹാപുരോഹിതന് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടാണ് കരണത്തടിക്കുന്നതിനു പകരം മുഖത്തടിക്കാൻ അടുത്തുനിന്നവരോട് മഹാപുരോഹിതൻ ആവശ്യപ്പെട്ടത്. അപ്രകാരം ചെയ്തപ്പോൾ പൗലോസ് അതിനോട് ശക്തമായി പ്രതികരിക്കുന്നു (23,3). തന്നെ പ്രഹരിക്കാൻ കല്പിച്ച മഹാപുരോഹിതനെ 'വെള്ളപൂശിയ മതിൽ' എന്നു വിശേഷിപ്പിച്ച്, അയാൾക്കു ലഭിക്കാനിരിക്കുന്ന ശിക്ഷയെപ്പറ്റി പ്രവചിക്കുന്നു. വെള്ളപൂശിയ മതിൽ എന്ന് അയാളെ വിശേഷിപ്പിച്ചത്, അയാളുടെ ആത്മാർത്ഥതയില്ലായ്മയെ സൂചിപ്പിക്കുവാനാണ് (എസ 13,14-15; മത്താ 23,27).

'നല്ല മനഃസാക്ഷി' പൗലോസിന്റെ ആദ്ധ്യാത്മികതയുടെ ഒരു അവശ്യഘടകമാണ്. പൗലോസിന്റെ ലേഖനങ്ങൾ ഇതു വ്യക്തമാക്കുന്നുണ്ട്. "ഞങ്ങൾ ലോകത്തിൽ വിശുദ്ധിയോടും പരമാർത്ഥതയോടുംകൂടെ വ്യാപരിച്ചു എന്ന മനഃസാക്ഷിയാണ് ഞങ്ങളുടെ അഭിമാനം" (2 കൊറി 1,12). സഭയിലെ ഡീക്കന്മാർ "നിർമ്മല മനഃസാക്ഷിയോടുകൂടെ വിശ്വാസത്തിന്റെ രഹസ്യം സൂക്ഷിക്കുന്നവരാകണം" (1 തിമോ 3,9). "തെറ്റു ചെയ്യുന്നവരെ കുറ്റപ്പെടുത്തുന്നതിന്റെ ലക്ഷ്യം പരിശുദ്ധമായ ഹൃദയത്തിലും നല്ല മനഃസാക്ഷിയിലും നിഷ്കപടമായ വിശ്വാസത്തിലും സ്നേഹത്തിലുംനിന്നു രൂപംകൊള്ളുന്ന സ്നേഹമാണ്" (1 തിമോ 1,5). അജപാലന ശുശ്രൂഷയിൽ പുരോഹിതന് വ്യത്യസ്തങ്ങളായ സാഹചര്യങ്ങളും പശ്ചാത്തലങ്ങളുമൊക്കെയുണ്ടാവും. അപ്രകാരം മാറിമാറിവരുന്ന സാഹചര്യങ്ങളിൽ തീക്ഷ്ണതയോടും ധീരതയോടുംകൂടെ ശുശ്രൂഷ നിർവഹിക്കണമെങ്കിൽ പൗലോസ് പറയുന്നതുപോലെ ഒരു 'നല്ല മനഃസാക്ഷി'യുണ്ടായിരിക്കണം.

### 2. പുരോഹിതൻ: നിയമാനുസൃതം സഭാശുശ്രൂഷ ചെയ്യുന്നവൻ

*"പ്രധാനപുരോഹിതനായ അനനിയാസ് തന്റെ അടുത്തുനിന്നവരോട് അവന്റെ മുഖത്ത് അടിക്കാൻ ആജ്ഞാപിച്ചു. അപ്പോൾ പൗലോസ് അവനോടു പറഞ്ഞു: വെള്ളപൂശിയ മതിലേ, ദൈവം നിന്നെ പ്രഹരിക്കാനിരിക്കുന്നു. എന്നെ നിയമാനുസൃതം വിധിക്കുവാനാണ് നീ ഇവിടെ ഇരിക്കുന്നത്. എന്നിട്ടും നിയമവിരുദ്ധമായി പ്രഹരിക്കാൻ നീ കല്പിക്കുന്നുവോ?"* (23,2-3).

മഹാപുരോഹിതന് പൗലോസിന്റെ പ്രസ്താവന ദുർവഹമായിത്തോന്നി. അതിന് എത്രയും വേഗം വിരാമമിടുവാൻ അവന്റെ മുഖമടച്ചു പ്രഹരിക്കുവാൻ അയാൾ അടുത്തുനിന്നവരോട് ആജ്ഞാപിച്ചു. അതിനോടു പൗലോസ് പ്രതികരിച്ചവിധം ശ്രദ്ധേയമാണ്. 'വെള്ളപൂശിയ മതിലേ' എന്നു മഹാപുരോഹിതനെ സംബോധന ചെയ്തുകൊണ്ട്, നിയമവിരുദ്ധമായി അദ്ദേഹം പ്രവർത്തിച്ചതിനെ ചോദ്യം ചെയ്യുന്നു. വിസ്താരത്തിനു വിധേയനാകുന്ന മനുഷ്യൻ കുറ്റക്കാരനാണെന്നു വിധിക്കപ്പെടുന്നതുവരെ നിരപരാധിയായി കരുതപ്പെടണമെന്നാണു യഹൂദനിയമം. ആ നിയമത്തെ മഹാപുരോഹിതൻ ലംഘിക്കുന്നതിനെയാണ് പൗലോസ് ഇവിടെ ചോദ്യം ചെയ്യുന്നത്. അതോടൊപ്പം അയാൾക്കു ലഭിക്കാനിരിക്കുന്ന ശിക്ഷയും പൗലോസ് ഇവിടെ പ്രവചിക്കുകയാണ്. അനനിയാസ് മഹാപുരോഹിതപദം പ്രാപിച്ചശേഷം റോമിന്റെ മറപറ്റി സ്വന്തകാര്യങ്ങൾ സാധിക്കുവാൻ എന്ത് അഴിമതിയും ചെയ്യുവാൻ മടിക്കാത്ത ആളായിരുന്നു. പുരോഹിതന്മാർക്കു ലഭിക്കുന്ന ദശാംശവും ദൈവാലയത്തിന്റെ വരുമാനത്തിൽ വലിയ ഭാഗവും സ്വന്തമാക്കി ധനാഢ്യനായിത്തീർന്ന വ്യക്തിയായിരുന്നു അയാൾ. ഒടുവിൽ അനനിയാസിനെ ജനങ്ങൾ കൊല്ലുകയായിരുന്നു.

അന്നുവരെ ഒരു യഹൂദനായും ക്രൈസ്തവനായും ദൈവതിരുമുമ്പിൽ മനഃസാക്ഷിക്കനുസരിച്ചാണ് താൻ ജീവിച്ചതെന്നു പൗലോസ് അവകാശപ്പെടുന്നതിൽനിന്നും വ്യക്തമാകുന്നത് അദ്ദേഹം ദൈവപ്രമാണങ്ങൾക്കും മതപരമായ നിയമങ്ങൾക്കും കൊടുക്കുന്ന പ്രാധാന്യമാണ്. മതപരമായ പ്രമാണങ്ങളും നിയമങ്ങളും ദൈവഹിതത്തിന്റെ പ്രായോഗികമാനങ്ങളായിട്ടാണല്ലോ കണക്കാക്കപ്പെടുന്നത്. പഴയനിയമത്തിൽ ദൈവവും ദൈവജനവും തമ്മിലുള്ള ഉടമ്പടിബന്ധം ദൈവം ഉറപ്പിക്കുന്നത് അവർക്ക് ജീവിതത്തിൽ പ്രായോഗികമാക്കേണ്ട പ്രമാണങ്ങളും നിയമങ്ങളും നല്കിക്കൊണ്ടാണ്: "മോശ ചെന്ന് കർത്താവിന്റെ എല്ലാ വാക്കുകളും നിയമങ്ങളും ജനത്തെ അറിയിച്ചു. കർത്താവു കല്പിച്ച കാര്യങ്ങളെല്ലാം ഞങ്ങൾ ചെയ്യുമെന്ന് അവർ ഏകസ്വരത്തിൽ മറുപടി പറഞ്ഞു" (പുറ 24,3). പൗലോസിനെപ്പോലെ കർത്താവിന്റെ പ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും വിശ്വസ്തതയോടുകൂടെ പാലിച്ചുകൊണ്ടാണ് പുരോഹിതനും സഭാശുശ്രൂഷ നിർവഹിക്കേണ്ടത്.

### 3. പുരോഹിതൻ: മിശിഹായുടെ ഉത്ഥാനം പ്രഘോഷിക്കുന്നവൻ

*"സംഘത്തിൽ ഒരു വിഭാഗം സദുക്കായരും മറ്റുള്ളവർ ഫരിസേയരുമാണെന്നു മനസ്സിലാക്കിയ പൗലോസ് ഇങ്ങനെ വിളിച്ചുപറഞ്ഞു: സഹോദരന്മാരേ, ഞാനൊരു ഫരിസേയനും, ഫരിസേയപുത്രനുമാണ്. മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള പ്രത്യാശയെ സംബന്ധിച്ചാണ് ഞാൻ വിചാരണ ചെയ്യപ്പെടുന്നത്. അവൻ ഇതു പറഞ്ഞപ്പോൾ ഫരിസേയരും സദുക്കായരും തമ്മിൽ അഭിപ്രായഭിന്നതയുണ്ടാവുകയും അവിടെ കൂടിയിരുന്നവർ രണ്ടു പക്ഷമായി തിരിയുകയും ചെയ്തു. കാരണം, പുനരുത്ഥാനമോ ദൈവദൂതനോ ആത്മാവോ ഇല്ല എന്നാണു സദുക്കായർ പറയുന്നത്. ഫരിസേയരാകട്ടെ ഇവയെല്ലാം ഉണ്ടെന്നും പറയുന്നു"* (23,6-8).

സാൻഹെദ്രിൻ സംഘത്തിന്റെ മുമ്പിൽ പൗലോസ് ഒരുപായം പ്രയോഗിക്കുന്നു. സാൻഹെദ്രീൻ അംഗങ്ങളിൽ ഒരു വിഭാഗം സദുക്കായരും മറുവിഭാഗം ഫരിസേയരുമാണെന്നു മനസ്സിലാക്കിയ പൗലോസ് ഫരിസേയരെ തന്റെ ഒപ്പം നിർത്താൻ ശ്രമിക്കുകയാണ്. പൗലോസ് ഒരു ഫരിസേയനായിരുന്നു (ഫിലി 3,5-6; 2 കൊറി 11,22). ഫരിസേയർ മരിച്ചവരുടെ ഉയിർപ്പിലും മരണാനന്തരജീവിതത്തിലും വിശ്വസിച്ചിരുന്നു. എന്നാൽ സദുക്കായർക്ക് അങ്ങനെയൊരു വിശ്വാസമില്ലായിരുന്നു. തന്റെ ഫരിസേയവിശ്വാസത്തിന്റെ പേരിലാണ് ഫരിസേയനായ തന്നെ വിചാരണ ചെയ്യുന്നതെന്ന് പൗലോസ് ആലോചനാസംഘത്തിന്റെ മുമ്പിൽ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തോടുകൂടി സാൻഹെദ്രീൻ സംഘാംഗങ്ങൾ രണ്ടു വിഭാഗങ്ങളായി തിരിഞ്ഞ് പരസ്പരം വാക്കാൽ ഏറ്റുമുട്ടാൻ തുടങ്ങി. എതിരാളികളെ പരസ്പരം ഭിന്നിപ്പിച്ച് അവരുടെമേൽ വിജയം നേടുക എന്ന തന്ത്രം പൗലോസ് ഇവിടെ ഫലപ്രദമായി വിനിയോഗിച്ചു. സദുക്കായരും ഫരിസേയരും തമ്മിലുള്ള വ്യത്യാസം 8-ാം വാക്യത്തിൽ എടുത്തുപറയുന്നു: "പുനരുത്ഥാനമോ ദൈവദൂതനോ ആത്മാവോ ഇല്ല എന്നാണു സദുക്കായർ പറയുന്നത്. ഫരിസേയരാകട്ടെ ഇവയെല്ലാം ഉണ്ടെന്നും പറയുന്നു".

